കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 5, വെള്ളി

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1982 ഫെബ്രുവരി 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I 1982 ഫെബ്രുവരി 3-ാം തീയതി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനുള്ള മി. സ്പീക്കരുടെ റൂളിംഗ്

Mr. Speaker: Order Order..... ....

At the sitting of the House held on February 3, 1982, Shri E. Chandrasekharan Nair raised the following point of order to the effect that the Governor has not addressed the House on January 29, 1982 as envisaged in article 176 of the constitution and therefore the House cannot continue with its business. He further contended that (i) the Governor left the Chamber after reading some portions o fthe address; and that (ii) the Governor did not say that the rest of the address may be taken as read, or that the address was being laid on the table.

I have studied carefully the relevant provisions of the Constitution and the precedents and judicial pronouncements in this behalf.

Article 176 (1) of the Constitution provides that at the commencement of the first session after each general election to the Legislative Assembly and at the commencement of the first session of each year, the Governor shall address the Legislative Assembly and inform the Assembly of the causes of its summons. The Kerala Legislative Assemmbly was summoned to meet in its Seventh Session on January 29, 1982 and this being the first session of the year, members were notified that the Governor would address the Assembly

on that day. That the Governor came to the Legislative Assembly at the appointed time on January 29 to deliver the address and, in fact, delivered the address are facts which are not disputed.

It is not Shri Chandrasekharan Nair's contention that the Governor did not address the House at all. The Governor did in fact address the House pursuant to the provision contained in article 176 (1) of the constitution of India. Immediately after the Governor's departure Copies of the address were distributed to members in the Assembly Chamber while the House was still in session. The notice of motion of thanks on the Governor's address was received, admitted, and included in the Agenda circulated to the members, having regard to this set of facts. A number of amendments have also been received to the motion of thanks from members including Shri. Chandrasekharan Nair.

The question whether the omission on the part of a Governor to read the address in full will tantamount to non-compliance with article 176 (1) has been considered in other Legislatures and has also received judicial interpretation. Bearing in mind the interpretation put on article 176 (1) by courts and the precedents eleswhere, it is my view that the requirement of that article in relation to the Governor's address has been complied with at the sitting of the house on January 29, 1982.

Shri. Varkala Radhakrishnan:—Sir, I am on a point of order.

Now there is a notice under article 179 of the Indian Constitution. And when that notice is pending decision, is it morally proper for the Speaker to continue to preside over the proceedings of this House ? Is it proper? Is it in order? One more question. I question the integrity and dignity of the office, when it is in question, is it proper for you to preside over this House? Your integrity is challenged. The dignity of the office is challenged. When that matter is pending consideration and when a statutory notice under section 179 is given, is it proper for you to preside over?

Shri. E. Ahmed—It is the first time in the history of this house, a member has raised the question of morality. That question does not arise because the house has no cognisance of any notice, until the legal requirements are complied with. Therefore, whatever the honorable member has said has no relevance in the proceedings.

Shri Varkala Radhakrishnan.—I have not completed. Let me complete my sentence. I am coming to the point. You are also a lawyer. I am also a lawyer. We all know that when the integrity of the house or when the Speaker's integrity is questioned, or the integrity of the Presiding Officer is questioned.....

Shri E. Ahmed.—Sir, I object. The Speaker's integrity cannot be questioned on the floor of the House. It cannot be permitted. So far, no member was dare enough to question the integrity of the Speaker.

LIBRARY ARCHIVES Kerala Legislative Assembly

Shri Varkala Radhakrishnan.—Here the question is, a notice under Article 179 by the entire opposition is pending. When that is the position, without the co-operation (without the opposition being taken into confidence) your office cannot function as such. So my point is, my question is you have no authority. Morally you are incompetent to preside over this House and continue to preside.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഒരു ഇൻഗ്രിറ്റിയുടേയോ പ്രൊപ്രൈറ്റിയുടേയോ കപ്സ്റ്റ്യൻ ഇല്ല. ഭരണ ഘടനയാണ് നമ്മെ നയിക്കുന്നത്. ഭരണഘടനയിലെ 179-ാം വകുപ്പനുസരിച്ച് സ്പീക്കറിൽ നോൺ കോൺഫിഡൻസ് രേഖപ്പെടുത്തിക്കൊണ്ടുള്ള നോട്ടീസ് ആഫീസിൽ കൊടുത്തുവെന്നു കരുതി ഇവിടെ ഒരു മോഷൻ ഇല്ല. 179-ാം വകുപ്പനുസരിച്ച് ഒരു നോട്ടീസ് കിട്ടി 14 ദിവസത്തിനുശേഷം ലീവ് ചോദിച്ചിട്ട് ആ മോഷൻ മൂവ് ചെയ്യണം. അങ്ങനെയൊരു മോഷൻ നിയമസഭയുടെ മുമ്പിൽ ഇല്ലാത്തിടത്തോളം കാലം ഇൻഗ്രിറ്റിയുടേയോ പ്രൊപ്രൈറ്റിയുടേയോ നിയമത്തിന്റെയോ പ്രശ്നം ഇവിടെ ഉദിക്കുന്നില്ല.....(ബഹളം)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ.....(ബഹളം)

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങ് ഇനി ഈ ഡിസ്ക്കഷൻ അനുവദിക്കരുത്.....(ബഹളം)

Shri. E. Ahmed: Sir, we want a ruling from the Chair.

ശ്രീ. സി. എ. കുര്യൻ : ആർട്ടിക്കിൾ 176 അനുസരിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ നിയമസഭയിൽ.....(ബഹളം)

ശ്രീ. ടി. എം. ജേക്കബ് : ഈ ഭരണഘടനാപരമായ ഈ കാര്യത്തെ സംബന്ധിച്ച് നിയമസഭയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. തോന്നിയതുപോലെ പറയാൻ അനുവാദം കൊടുക്കുന്നതു ശരിയല്ല. അതുകൊണ്ട് ഇത് റൂൾ ഔട്ട് ചെയ്യണം.....(ബഹളം)

മി. സ്പീക്കർ : ആർട്ടിക്കിൾ 176 അനുസരിച്ചുള്ള ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ പോയിന്റ് ഓഫ് ഓർഡറിന് രണ്ടു ദിവസം കഴിഞ്ഞ് മറുപടി പറയാമെന്ന് പറഞ്ഞിരുന്നതനുസരിച്ച് അതിനെക്കുറിച്ച് ചെയർ പറയാനുള്ള കാര്യം തീരുമാനമായി പറഞ്ഞു. പിന്നെ അതിനെക്കുറിച്ച് ചർച്ച അനുവദിക്കാൻ സാദ്ധ്യമല്ല. അതു സമ്മതിക്കുകയുമില്ല.....(ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : സർ, ഇവരൊരു പോയിന്റ് ഓഫ് ഓർഡർ.....(ബഹളം)

ശ്രീ. കെ. എം. മാണി : സർ, ആദ്യത്തേതിന് റൂളിംഗ് നൽകണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചുവരുമ്പോൾ അതിൽനിന്നും വ്യത്യസ്തമായി ശ്രീ. സി. എ. കുര്യൻ വേറൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതുകൊണ്ട് റൂളിംഗിന്റെ കാര്യത്തിൽ ഇനി വേറൊരു ചർച്ച അനുവദനീയമല്ല. ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനും റൂളിംഗിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. നിയമം വളരെ കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്ന ആളാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ. സ്പീക്കർക്ക് എതിരായി ഒരു റിമൂവൽ നോട്ടീസ് കിട്ടിയാൽ 14 ദിവസം കഴിഞ്ഞ് അതൊരു മോഷനായി വന്ന് പത്ത് ദിവസം കഴിഞ്ഞാണ് ചർച്ച നടക്കുന്നത്. അതിനിടയ്ക്ക് എനിക്ക് പറയാനുള്ളത് ഇതുപോലുള്ള കീഴ്വഴക്കം സൃഷ്ടിച്ച മുൻഗാമികളുമുണ്ട് എന്നാണ്. അതുകൊണ്ട് അദ്ധ്യക്ഷം വഹിക്കുന്നതിൽ അപാകതയോ അനൗചിത്യമോ ഇല്ല. അതുകൊണ്ട് ആ പോയിന്റ് ഓഫ് ഓർഡർ റൂളൗട്ട് ചെയ്തിരിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി : അങ്ങയുടെ മുൻഗാമി ദാമോദരൻ പോറ്റിയ്ക്കെതിരായി ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചിരുന്നു. (ബഹളം)

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. എ. പി. കുര്യൻ ആറു ദിവസം ഇവിടെ ഇരുന്നില്ലേ ? അതുകൊണ്ട് പ്രീസിഡന്റിനെപ്പറ്റി പറയേണ്ട, ശ്രീ. ആർ. എസ്. ഉണ്ണി ?

മി. സ്പീക്കർ : ശ്രീ. ആർ. എസ്. ഉണ്ണിയോടും ശ്രീ. കുര്യനോടും പറയാനുള്ളത് ഒരു റൂളിങ്ങ് കഴിഞ്ഞാൽ അതു സംബന്ധിച്ച് രണ്ടാമത് ചർച്ച അനുവദനീയമല്ലെന്നാണ്. (ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : സർ, മറ്റൊരു പോയിന്റ് ഓഫ് ഓർഡർ ആർട്ടിക്കിൾ 176 അനുസരിച്ച് അങ്ങ് നൽകിയ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ആ റൂളിങ്ങിനെ പറ്റി ചർച്ച ചെയ്യാനാവശ്യമായ പ്രൊവിഷൻ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലുണ്ട്. അതിന്റെ സഹായം തേടിക്കൊണ്ട് ചർച്ച ആവശ്യപ്പെട്ടുകൊള്ളാം. ആ റൂളിങ്ങിന്റെ അടിസ്ഥാനത്തിൽ ഉയർന്നു വരുന്ന മറ്റൊരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. (ബഹളം) അങ്ങ് ആശയിച്ചിരിക്കുന്ന ജുഡീഷ്യൽ റൂളിങ്ങിനേയും മറ്റ് റൂളിങ്ങിനേയും അടിസ്ഥാനത്തിൽ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ എത്രഭാഗം വായിച്ചതായി ഈ സഭ കൺസിഡർ ചെയ്യണമെന്നുകൂടി അങ്ങ് രൂപംചെയ്യണം. സ്കിപ്പ് ചെയ്യാൻ അവകാശമുണ്ട്. (ബഹളം)

മി. സ്പീക്കർ : അതെ സംബന്ധിച്ച് റൂളിങ്ങ് ചെയറിൽനിന്ന് തന്നു കഴിഞ്ഞു. ഇനി അതെക്കുറിച്ച് ചർച്ച ചെയ്യാൻ പറ്റുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങയുടെ റൂളിങ്ങിനെ ശിരസ്സാവഹിച്ചുകൊണ്ട് ഒരു അഭ്യർത്ഥന നടത്തുകയാണ്. അന്ന് ഗവർണ്ണർ പ്രസംഗിച്ചപ്പോൾ നടന്ന ആ പ്രൊസീഡിങ്ങ്സിന്റെ ഒരു കോപ്പി തരാൻ ദയവുണ്ടാകണം. അങ്ങ് പറഞ്ഞതുപോലെ ഇതെല്ലാം ഹൈക്കോടതിയാണ് തീരുമാനിക്കേണ്ടത്. അങ്ങ് വെരിഫൈ ചെയ്തുവെന്ന് പറഞ്ഞ ടേപ്പ് അനുസരിച്ചുള്ള പ്രൊസീഡിങ്ങ്സിന്റെ കോപ്പി ഒന്ന് തരണം.

മി. സ്പീക്കർ : നോക്കാം.

Shri K. Pankajakshan : Relating to Rule 15, in Rules of Procedure and conduct of business in the Kerala Legislative Assembly, (Governor's Address and Messages to the Assembly), it clearly says the Speaker in consultation with the Leader of the House and the Leader of the Opposition shall allot time for the discussion of the matters referred to in the Gevernor's Address under Article 176 of the Constitution. So only such matters referred to in the address of the Governor shall be

LIBRARY ARCHIVES Kerala Legislative Assembly

allowed to be discussed, in this House. Will it be in order if a discussion is allowed on everything that has been printed in the Governor's address.

That is my question.

(ബഹളം)

(ഈ സമയം ശ്രീ. ടി. എം. ജേക്കബ് ചാടിഎണീറ്റ് എന്തോ വിളിച്ചു പറഞ്ഞു) എന്താണിത്? ഞാൻ വളരെ വിനയത്തോടുകൂടി അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ഒരു പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കുകയാണ്. ശ്രീ. ജേക്കബ് തീരെ മര്യാദരഹിതമായി പെരുമാറുകയാണ്. എന്താണിത്? ഈ രീതി അങ്ങ് അനുവദിക്കരുത്. അങ്ങ് ചെയറിലിരിക്കുന്നിടത്തോളം കാലം എനിക്ക് സംരക്ഷണം വേണം.

So only such matters referred to in the address of the Governor shall be allowed to be discussed in this House. Will it be in order if a discussion is allowed on everything that has been printed in the Governor's address. That is my question.

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. (ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം. ആകുന്നത്ര പോയിന്റ് ഓഫ് ആർഡറുകൾ രണ്ടുഭാഗത്തും അനുവദിക്കുന്നതിന് ചെയറിൽനിന്ന് പരിശ്രമിക്കുന്നുണ്ട്. പോയിന്റ് ഓഫ് ആർഡറുകൾ ഒരു അവകാശമെന്നുള്ള നിലയിൽ ഉപയോഗിക്കരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. ശ്രീ. പങ്കജാക്ഷൻ ഒരു പോയിന്റ് ഓഫ് ആർഡർ ഉന്നയിച്ചിട്ടുണ്ട്. ലാ മിനിസ്റ്റർ ഒരു പോയിന്റ് ഓഫ് ആർഡറിന് അനുവാദം ചോദിച്ചു. അതു ഞാൻ അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി ഇരിക്കണം. (നീണ്ടുനിന്ന ബഹളം) ചെയറിൽ നിന്ന് എഴുന്നേറ്റു നിൽക്കുമ്പോൾ ഇരിക്കാനുള്ള സൗമനസ്യം എല്ലാ അംഗങ്ങളും കാണിക്കണം. ഏത് കാര്യത്തെ കുറിച്ചും തീരുമാനമുണ്ടാക്കാൻ നമുക്ക് കഴിയുന്നതാണ്. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇരിക്കണം. ഒരു കാര്യവും പറയാൻ പറ്റാത്ത രീതിയിൽ എല്ലാവരുംകൂടി ഇടപെട്ടാൽ എങ്ങനെയാണ്? (ബഹളം)

ശ്രീ. കെ. എം. മാണി: സർ, അങ്ങയുടെ റൂളിംഗിനു മുമ്പ് എനിക്കൊരു ക്ലാരിഫിക്കേഷൻ സമയം തന്നാൽ മതി.

(നീണ്ടുനിന്ന ബഹളം)

ശ്രീ. എ. പി. കുര്യൻ: ശ്രീ. പങ്കജാക്ഷൻ ഇവിടെ ഒരു പോയിന്റ് ഓഫ് ആർഡർ ഉന്നയിച്ചു. ബഹുമാനപ്പെട്ട ചെയറിൽ നിന്ന് അതിന് റൂളിംഗ് നൽകുന്നതിനു മുമ്പ് ഈ സഭയിലെ ഒരു മന്ത്രിയായാലും ശരി, മറ്റേതൊരു അംഗമാണെങ്കിലും ശരി, മറ്റൊരു പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കാനുള്ള അവകാശമില്ല, അങ്ങനെ അനുവദിക്കാനുള്ള അവകാശം സഭാചട്ടങ്ങളനുസരിച്ച് ഇല്ല. കീഴ്വഴക്കമനുസരിച്ചും അത് ശരിയല്ല. ദയവായി അങ്ങ് ഒരു കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട നിയമമന്ത്രിക്ക് വേണമെങ്കിൽ അങ്ങ് റൂളിംഗ് നൽകുന്നതിനു മുമ്പ് അഭിപ്രായം പറയാനുള്ള അവസരം കൊടുക്കാം. അതല്ലാതെ പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കാൻ ദയവായി അങ്ങ് അനുവാദം കൊടുക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എന്റെ മുൻഗാമി ഈ കാര്യം ചൂണ്ടിക്കാണിച്ചതിൽ ഞാൻ നന്ദിയുള്ളവനാണ്. ഞാൻ ബഹുമാനപ്പെട്ട നിയമമന്ത്രിക്ക് പ്രത്യേകമായി ഒരു അവകാശവും കൊടുത്തതല്ല, ഒരു ക്ലാരിഫിക്കേഷനാണ് സമയം കൊടുത്തത്. ഞാൻ പറഞ്ഞ വാക്കിൽ എന്തെങ്കിലും തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്താം.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഗവർണ്ണർ ഭരണഘടനാപരമായി ഒരു പ്രസംഗം ചെയ്തുവെന്നും ആ ചെയ്ത പ്രസംഗത്തിന്റെ കോപ്പി സർക്കുലേറ്റ് ചെയ്തുവെന്നും ഒരു റൂളിംഗ് അങ്ങ് നൽകി. ആ പ്രസംഗത്തിലെ മാറ്റേഴ്സ് ഡിസ്ക്കസ് ചെയ്യുന്നതിനുവേണ്ടി സഭാനേതാവും അതുപോലെതന്നെ പ്രതിപക്ഷനേതാവുമായി, അതിന് എത്ര ദിവസം വേണം, എത്ര സമയം വേണം എന്ന് തീരുമാനിക്കുകയും ചെയ്തതിനുശേഷം അങ്ങനെ ഒരു പ്രസംഗം ഉണ്ടായോ എന്ന് ശ്രീ. പങ്കജാക്ഷൻ വീണ്ടും ചോദിക്കുന്നത് അങ്ങ് ആദ്യം നൽകിയ റൂളിംഗിന് പരസ്പരവിരുദ്ധമായിട്ടുള്ളതാണ്. ഗവർണ്ണർ ചെയ്ത പ്രസംഗം സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആ സർക്കുലേറ്റ് ചെയ്യപ്പെട്ട പ്രസംഗത്തിന്റെ ചർച്ചയുടെ സമയവും ദിവസവുമാണ് സ്പീക്കറുടെ മുറിയിൽവച്ച് സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് പാർട്ടി നേതാക്കൻമാരും ഒരുമിച്ചിരുന്ന് നിശ്ചയിച്ചത്. അതിനെക്കുറിച്ച് രണ്ടാമതൊരു പോയിന്റ് ആഫ് ആർഡർ ഉന്നയിക്കുന്നത് ശരിയല്ല. അത് അങ്ങയുടെ ആദ്യത്തെ റൂളിംഗിന് പരസ്പര വിരുദ്ധമായിട്ടുള്ളതാണ്.

(ബഹളം)

ശ്രീ. കെ. പങ്കജാക്ഷൻ: ഞാൻ പറയാത്ത കാര്യം പറഞ്ഞു എന്ന് ശ്രീ. കെ. എം. മാണി പരാമർശിച്ചു. ഞാൻ അങ്ങനെ പറഞ്ഞില്ല. അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്തില്ല. അങ്ങയുടെ റൂളിംഗിനെ പരാമർശിച്ച് ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ വ്യക്തമായി 'റൂംസ് ആഫ് പ്രൊസീഡ്യുവർ' 15-ാം വകുപ്പിനെ ആസ്പദമാക്കിയിട്ടുള്ള ഒരു പോയിന്റ് ആഫ് ആർഡർ ഉന്നയിച്ചു. 'ഇൻഫറിഞ്ച്മെന്റ് ആഫ് റൂംസ്' എന്ന നിലയിൽ ചോദിച്ചു. നടപടി ക്രമമനുസരിച്ചുള്ള, 15-ാം വകുപ്പിൽ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള പ്രശ്നം matters referred to in the Governor's address, അതേ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. അല്ലാതെ അച്ചടിച്ച് വിതരണം ചെയ്ത പ്രസംഗമല്ല. പറയാത്തത് പറഞ്ഞു എന്ന് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ശരിയല്ല.

(ബഹളം)

മി. സ്പീക്കർ: ഇവിടെ ശ്രീ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ചത് ഭരണഘടനയുടെ 176-ാം വകുപ്പുമായി ബന്ധപ്പെട്ടതാണ്.....

(ബഹളം)

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഒരു പോയിന്റ് ആഫ് ആർഡർ ഉന്നയിച്ചു. പിന്നീട് ബഹുമാനപ്പെട്ട മന്ത്രി ഒരു പോയിന്റ് ആഫ് ആർഡർ ഉന്നയിച്ചു.

മി. സ്പീക്കർ: അതൊരു എക്സ്പ്ലനേഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : അതും കഴിഞ്ഞ് അദ്ദേഹം പറയുന്നു, സ്പീക്കറുടെ വിധിക്കുശേഷമാണ് ശ്രീ. പങ്കജാക്ഷൻ പോയിന്റ് ഓഫ് ആർഡർ ഉന്നയിച്ചതെന്ന് ശ്രീ. പങ്കജാക്ഷൻ ഒരു ക്ലാരിഫിക്കേഷനാണ് ഇവിടെ ചോദിച്ചത്. അത് കൺക്ലൂഡ് ചെയ്യുന്നതിനുമുമ്പ് ശ്രീ. സി. ബി. സി. യ്ക്കു ഒരു ക്ലാരിഫിക്കേഷനുള്ള സമയം കൂടി അനുവദിച്ചാൽ ഈ പ്രശ്നം അവസാനിപ്പിക്കാം.

ശ്രീ. സി. ബി. സി. വാര്യർ : ശ്രീ. പങ്കജാക്ഷൻ ഉന്നയിച്ച പോയിന്റ് ആഫ് ആർഡിറിനെക്കുറിച്ച് ഭരണകക്ഷിയുടെ ഭാഗത്തു നിന്ന് ബഹുമാനപ്പെട്ട നിയമ മന്ത്രി പറഞ്ഞു. എനിക്കും ഒരു സബ്മിഷനുണ്ട്. പോയിന്റ് ആഫ് ആർഡറിൽ റലവൻറായിട്ടുള്ളത്.

What is the matter that has to be discussed under rule 15.....

മി. സ്പീക്കർ : ചെയറിൽ നിന്നുള്ള റൂളിംഗുമായി ബന്ധപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ഇനി കൂടുതൽ എക്സ്പ്ലനേഷൻ ആവശ്യമില്ല.

(ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : ഇത് റൂളിംഗിനെക്കുറിച്ചല്ല. ഗവർണ്ണർ പ്രസംഗം ചെയ്തുവെന്നും, അത് പ്രൊപ്പറാണെന്നും അങ്ങ് പറഞ്ഞതിനെ പൂർണ്ണമായി അംഗീകരിക്കുന്നു. ഗവർണ്ണർ ചെയ്ത പ്രസംഗം എന്ത് എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമാക്കണം. അച്ചടിച്ച പുസ്തകം പ്രസംഗമാവുകയില്ല. ഇവിടെ നടത്തിയ പ്രസംഗമേ പ്രസംഗമാവുകയുള്ളു. ഇവിടെ നടത്തിയ പ്രസംഗം എന്താണെന്ന് വ്യക്തമാക്കണം എന്നുള്ളതാണ് പോയിന്റ് ആഫ് ആർഡർ. അത് വ്യക്തമാക്കുന്ന രീതിയിൽ പ്രൊസീഡിംഗ്സ് എഴുതണം ; അതിനെക്കുറിച്ച് മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂ എന്ന് അങ്ങ് റൂളിംഗ് നൽകണം.

(ബഹളം)

മി. സ്പീക്കർ: ഏത് രീതിയിൽ റൂളിംഗ് നൽകണമെന്ന് ബഹുമാനപ്പെട്ട സി. ബി. സി. ചെയറിനോട് പറയുകയാണെങ്കിൽ പിന്നെ റൂളിംഗിന് പ്രസക്തിയില്ലാതെ വരും. ഏതായാലും ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഉന്നയിച്ച പ്രശ്നം 'റൂൾസ് ആഫ് പ്രൊസീഡ്യുവർ' 15-ാം വകുപ്പനുസരിച്ചുള്ളതാണ്, അതുതന്നെയാണ് ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ചതും. അതിനെ സംബന്ധിച്ച്, ഗവർണ്ണറുടെ പ്രസംഗം പൂർണ്ണമായി ചർച്ച ചെയ്യുന്നത് ആർഡറിലാണെന്ന് പറഞ്ഞു. ചർച്ചയ്ക്കുവേണ്ടി നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ചെയറിന്റെ റൂളിംഗ് അനുസരിച്ച് ചർച്ച നടക്കുന്നതാണ്. ആ റൂളിംഗ് അങ്ങനെ നിൽക്കുന്നതാണ്.

(ബഹളം)

ശ്രീ. തച്ചടി പ്രഭാകരൻ റസല്യൂഷൻ മൂവ് ചെയ്യാം.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ശ്രീ. പങ്കജാക്ഷന്റെ പോയിന്റ് ആഫ് ആർഡറിനു റൂളിംഗ് നൽകിയില്ല.

ശ്രീ. സി. ബി. സി. വാര്യർ : സർ, മറ്റൊരു പോയിന്റ് ആഫ് ആർഡർ. ശ്രീ. തച്ചടി പ്രഭാകരൻ നോട്ടീസ് കൊടുത്തിരിക്കുന്ന മോഷൻ ഫോമിലല്ല ; ആർഡറിലല്ല. കീഴ്വഴക്കമെടുത്തു പരിശോധിച്ചാൽ നന്ദി പറയണമെന്നു ഞാൻ പ്രമേയം അവതരിപ്പിക്കുന്നു എന്ന് പറയുന്ന മോഷൻ പ്രൊപ്പറല്ല. അതൊരു മോഷനല്ല.

LIBRARY ARCHIVES KeralaLegislativeAssembly

The House expresses thanks to the Honourable Governor for the address delivered by her on such and such day to the members of this house.....എന്നുള്ള നിലയിൽ അഡ്മിറ്റ് ചെയ്യണം. അതാണ് അതിന്റെ പ്രൊപ്പർ ഫോം. ഇത് പ്രമേയം എഴുതാൻ അറിയാത്തവരാരോ എഴുതികൊടുത്തതാണ്. ഇത് ആർഡറിലല്ല. അതുകൊണ്ട് അത് മൂവ് ചെയ്യാൻ അനുവദിച്ചുകൂടാ.

മി. സ്പീക്കർ :— പ്രമേയം ആർഡറിലായതുകൊണ്ടാണ് അനുവാദം കൊടുത്തത്. അതുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരന് മൂവ് ചെയ്യാം.

(ബഹളം)

ശ്രീ. ഇ. അഹമ്മദ് :— ബഹുമാനപ്പെട്ട സി. ബി. സി. യെ പോലെ പ്രശസ്തനായ ഒരാൾ ഇങ്ങനെ ചെയറിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല, അത് അനുവദിക്കരുത്.

II ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ കുറിച്ചുള്ള ചർച്ച

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"ഗവർണ്ണർ 1982 ജനുവരി 29-ാം തീയതി നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് കേരള നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി പ്രകടിപ്പിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ പ്രമേയം സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനെ ചോദ്യം ചെയ്തുകൊണ്ട് നടന്ന ദീർഘമായ ചർച്ചയിൽ പല പ്രശ്നങ്ങളും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അങ്ങനെ അവതരിപ്പിക്കപ്പെട്ട പ്രശ്നമായതുകൊണ്ട് അതിനെക്കുറിച്ച് ഒരു ആവർത്തനം നടത്താൻ ഞാൻ മുതിരുന്നില്ല. കഴിഞ്ഞ ഒരു മാസക്കാലമായി (ബഹളം)

ശ്രീ പി. എസ്. ശ്രീനിവാസൻ : പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ അതിനുള്ള അമൻറ്മെൻറ് അവതരിപ്പിക്കണം. അതിനുശേഷമേ പ്രസംഗം തുടരാൻ അനുവദിക്കാവൂ.

മിസ്റ്റർ സ്പീക്കർ : അങ്ങനെ പ്രത്യേകമായി ഒരു നിയമമില്ല. പരിശോധിച്ചു തന്നെയാണ് ചെയ്തിട്ടുള്ളത്. പ്രമേയം അവതരിപ്പിച്ചു പ്രസംഗിച്ചതിനു ശേഷം പിൻതാങ്ങിയിട്ട് അമൻറ്മെൻറ് മൂവ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. സാധാരണ ഗതിയിൽ ഒരു പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞാൽ ആ പ്രമേയത്തിലെ ഭേദഗതി എന്താണെന്ന് അറിയാതെ ചർച്ച നടത്തുന്നത് എങ്ങനെയാണ്. അതുകൊണ്ട് പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചിട്ട് ഇവിടെ പ്രസംഗിക്കുന്നത് ആയിരിക്കും നല്ലത്.

ശ്രീ. തച്ചടി പ്രഭാകരൻ : ഞങ്ങൾ ഈ പ്രമേയം അവതരിപ്പിച്ച അവസരത്തിൽ വളരെ വീറോടു കൂടി വന്ന ഒരു പ്രതിപക്ഷത്തെയാണ് കാണാൻ സാധിച്ചത് ഒരു ന്യൂനപക്ഷ മന്ത്രിസഭയാണ് ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഇവിടെ രൂപംകൊണ്ടതെന്നു പറഞ്ഞ് ഒരു മാസക്കാലം തെരുവിൽ നടന്ന് സമരം ചെയ്തതിനുശേഷം നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly